# പതിനാലാം കേരള നിയമസഭ
# പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 634** **29/01/2019-ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ യാത്രപ്പടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ടി.എ, വാല്യുവേഷൻ ഫീസ് എന്നിവയുടെ വിശദാംശം വെളിപ്പെടുത്താമോ; ഇത് വർദ്ധിപ്പിച്ച് നല്കുന്ന കാര്യം പരിഗണിക്കാമോ എന്ന് അറിയിക്കാമോ? | സഹകരണ സംഘം രജിസ്ട്രാറുടെ 7.8.2014 ലെ 39/2014 നം. സർക്കുലർ പ്രകാരവും 1.11.2014 ലെ 49/2014 നം. സർക്കുലർ പ്രകാരവുമാണ് യാത്രാ ബത്ത അനുവദിക്കുന്നത്. നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ കിലോമീറ്ററിന് 5 രൂപ നിരക്കിലാണ് യാത്രാബത്ത അനുവദിച്ച് വരുന്നത്.<br><br>കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ, കേരള വനിതാ സഹകരണ ഫെഡറേഷൻ, കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, റീജിയണൽ ആഗ്രോ ഇന്റസ്ട്രീയൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, കേരള സഹകരണ സംഘം ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ള സ്പെഷ്യൽ ഗ്രേഡ് അർബൻ സഹകരണ ബാങ്ക്, പ്രാഥമിക വായ്പാ സംഘങ്ങൾ. കാർഷിക/ കാർഷികേതര/അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സംഘങ്ങൾ ഉൾപ്പെടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) സൂപ്പർഗ്രേഡ്-200 കോടി രൂപയും അതിന് മുകളിലും നിക്ഷേപമുള്ളവ, സൂപ്പർഗ്രേഡ് -200 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളവ, സ്പെഷ്യൽ ഗ്രേഡ് ജില്ലാ ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ, ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ സ്പെഷ്യൽ ഗ്രേഡ് 50 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവ്/പ്രവർത്തന മൂലധനം-ഇവ ബാധകമായ മറ്റു സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളിൽ കിലോമീറ്ററിന് 4 രൂപ നിരക്കിലാണ് യാത്രാ ബത്ത അനുവദിക്കുന്നത്. |

അർബൻ സഹകരണ ബാങ്കുകൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ള) ക്ലാസ്സ് II, ക്ലാസ്സ് IV, ക്ലാസ്സ് V, ക്ലാസ്സ്VI, പ്രാഥമിക വായ്പാ സംഘങ്ങൾ കാർഷിക/ കാർഷികേതര/അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സംഘങ്ങൾ ഉൾപ്പെടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും(ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) ക്ലാസ്സ് I മുതൽ ക്ലാസ്സ് VII വരെ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) ക്ലാസ്സ് I മുതൽ ക്ലാസ്സ് III വരെ ചട്ടങ്ങളിലെ അനുബന്ധം III ൽ പെടുന്നതും 2 കോടിയിൽ കൂടുതൽ, 5 കോടിയിൽ കൂടുതൽ, 10 കോടിയിൽ കൂടുതൽ പ്രവർത്തനമൂലധനമുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ, അനുബന്ധം III ൽ പെടുന്നതും വാർഷിക വിറ്റുവരവ് 10 കോടിയിൽ കൂടുതൽ വാർഷിക വിറ്റുവരവ് 25 കോടിയിൽ കൂടുതൽ വാർഷിക വിറ്റുവരവ് 50 കോടിയിൽ കൂടുതലുള്ള പ്രൈമറി മാർക്കറ്റിംഗ ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ വാർഷിക വിറ്റുവരവ് 2 കോടിയിൽ കൂടുതലുള്ള മൊത്തവ്യാപാര സഹകരണ സംഘങ്ങൾ, 75 ലക്ഷത്തിൽ മുകളിൽ പ്രവർത്തന മൂലധനമുള്ള വനിതാ സഹകരണ സംഘങ്ങൾ, ക്ലാസ്സ് I ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കിലോമീറ്ററിന് 3.50 രൂപ നിരക്കിലാണ് യാത്രാ ബത്ത അനുവദിച്ച് നൽകുന്നത്.

ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ വാർഷിക വിറ്റുവരവ് 25 ലക്ഷത്തിന് മുകളിൽ ഉള്ളവ കിലോമീറ്ററിന് 3.25 രൂപ നിരക്കിലും, ക്ലാസ് III അർബൻ സഹകരണ ബാങ്കുകൾ 10 ലക്ഷത്തിന് മുകളിൽ പ്രവർത്തന മൂലധനമുള്ള വനിതാ സഹകരണ സംഘങ്ങൾ ക്ലാസ്സ് II ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ, കേരള സ്റ്റേറ്റ് ആഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കിലോമീറ്ററിന് 3 രൂപ നിരക്കിലും പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ ക്ലാസ്സ് I മുതൽ ക്ലാസ്സ് IV വരെ, വാർഷിക വിറ്റുവരവ്/പ്രവർത്തന മൂലധനം ഇവ ബാധകമായ 25 ലക്ഷവും 10 ലക്ഷത്തിലും കൂടുതലുള്ള മറ്റു സഹകരണ സംഘങ്ങൾ കിലോമീറ്ററിന് 2.50 രൂപ നിരക്കിലുമാണ് യാത്രാ ബത്ത അനുവദിച്ച് നൽകുന്നത്.

സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് നിലവിൽ വാല്യൂഷൻ ഫീസ് നൽകുന്നില്ല.

ഭരണ സമിതി അംഗങ്ങൾക്കുള്ള യാത്രാ ബത്ത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ